"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിലെ ബ്ലോക്ക് നമ്പർ 14 റീസർവെ 259/163 pt ൽ 0.57 ആർ, റീസർവെ 260/32 pt ൽ 0.51 ആർ എന്നിങ്ങനെ ആകെ 01.08 ആർ ഭൂമി ബി.റ്റി.ആർ-ൽ `സർക്കാർ വിഴിഞ്ഞം ഹാർബർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് `സർക്കാർ തരിശ് എന്ന് ഇനം മാറ്റം നടത്തി ശ്രീ. സെൽവരാജ്, ശ്രീമതി ശാലിനി എന്നിവർ പേരിൽ പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.17/2026/RD തീയതി,തിരുവനന്തപുരം, 09-01-2026

---

പരാമർശം:-
1. ശ്രീ. സെൽവരാജ്, ശ്രീമതി ശാലിനി എന്നിവരുടെ അപേക്ഷ
2. ജില്ലാ കളക്ടറുടെ 08.09.2025ലെ ബി.3/170109/2019 നമ്പർ കത്ത്.
3. 06.10.2025 ലെ ലാൻറ് റവന്യൂ കമ്മീഷണറുടെ എൽ.ആർ/ 10022/2025-എൽ. ആർ. (ജെ.6) നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിലെ ബ്ലോക്ക് നമ്പർ 14 റീസർവ്വേ 259/163 pt ൽ 0.57 ആർ, റീസർവ്വേ 260/32pt ൽ 0.51 ആർ എന്നിങ്ങനെ ആകെ 01.08 ആർ ഭൂമി പതിച്ച് നൽകുന്നതിലേക്കായി ശ്രീ. സെൽവരാജ്, ശ്രീമതി ശാലിനി, കോട്ടപ്പുറം ചരുവിള കോളനി, വിഴിഞ്ഞം എന്നിവർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നെന്നും ബി.റ്റി.ആർ പ്രകാരം സർക്കാർ വിഴിഞ്ഞം ഹാർബർ പുറമ്പോക്ക് ഇനത്തിൽപ്പെട്ട പ്രസ്തുത ഭൂമി അപേക്ഷകർ 15 വർഷക്കാലമായി കൈവശം വച്ച് വീട് വച്ച് താമസിച്ച് വരുന്നുവെന്നും അപേക്ഷകന്റെ വാർഷിക വരുമാനം 36,000/- രൂപയാണെന്നും പ്രസ്തുത ഭൂമി സമുദ്രാതിർത്തിയിൽ നിന്ന് ഏകദേശം 100മീറ്റർ ദൂരത്താണെന്നും അപേക്ഷ സ്ഥലം പതിച്ച് നൽകുന്നതിൽ ആക്ഷേപമുണ്ടെങ്കിൽ അറിയിക്കാൻ ഹാർബർ മത്സ്യഫെഡ്, ടൂറിസം എന്നീ വകുപ്പുകൾക്ക് കത്ത് നൽകിയതിൽ ടി. വസ്തു പതിച്ച് നൽകുന്നതിൽ ആക്ഷേപമില്ലെന്ന് ഹാർബർ , മത്സ്യഫെഡ്, ടൂറിസം എന്നീ വകുപ്പുകൾ അറിയിച്ചിട്ടുണ്ടെന്നും 7 (1) നോട്ടീസും പ്രസിദ്ധപ്പെടുത്തിയിരുന്നെങ്കിലും പതിവിനെതിരായി ആക്ഷേപങ്ങൾ ഒന്നും ലഭ്യമായിട്ടില്ലാത്തതാണെന്നും ആയതിനാൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14 റീസർവ്വേ 259/163 pt ൽ 0.57 ആർ, റീസർവ്വേ 260/32pt ൽ 0.51 ആർ എന്നിങ്ങനെ ആകെ 01.08 ആർ ഭൂമി ഇനം മാറ്റം നടത്തി അപേക്ഷകർ പേരിൽ പതിച്ചു നൽകുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നുമാണ് ജില്ലാ കളക്ടറും ലാൻറ് റവന്യൂ കമ്മീഷണറും പരാമർശം (2&3) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകർ 15 വർഷമായി കൈവശം വച്ച് വീട് വച്ച് താമസിച്ചു വരുന്ന, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിലെ ബ്ലോക്ക് നമ്പർ 14 റീസർവ്വേ 259/163 pt ൽ 0.57 ആർ, റീസർവ്വേ 260/32pt ൽ 0.51 ആർ എന്നിങ്ങനെ ആകെ 01.08 ആർ ഭൂമി ബി.റ്റി.ആർ പ്രകാരം സർക്കാർ വിഴിഞ്ഞം ഹാർബർ പുറമ്പോക്ക് ഇനത്തിൽപ്പെട്ടത് 'സർക്കാർ തരിശ്' എന്ന് ഇനം മാറ്റം നടത്തി ശ്രീ. സെൽവരാജ്, ശ്രീമതി ശാലിനി, കോട്ടപ്പുറം, ചരുവിള കോളനി, വിഴിഞ്ഞം എന്നിവർ പേരിൽ പതിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇത് സംബന്ധിച്ച നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻറ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം
ജില്ലാ കലക്ടർ, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
ശ്രീ. സെൽവരാജ്, ശ്രീമതി ശാലിനി, കോട്ടപ്പുറം, ചരുവിള കോളനി, വിഴിഞ്ഞം
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 12-01-2026 15:32:24

പകർപ്പ്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി. എസ്.ന്
റവന്യൂ സെക്രട്ടറിയുടെ പി. എ. ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി. എ. ക്ക്